**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിനായി ഉപയോഗിച്ച വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സ് സംഘടിപ്പിച്ചത് എന്നു മുതൽ എന്നു വരെയാണ്; പ്രസ്തുത ദിവസങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും യാത്ര ചെയ്ത ആഡംബര ബസ് വാങ്ങി സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; നവകേരള സദസ്സുമായി ബന്ധപ്പെട്ട യാത്രയിൽ ഇന്ധന ചെലവും മെയിന്റനൻസും ഉൾപ്പെടെ ഈ ബസ്സിനായി ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2023 നവംബർ 18 മുതൽ ഡിസംബർ 23വരെയും 2024 ജനുവരി 1, 2 തീയതികളിലുമാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. യാത്രയ്ക്കായി ആഡംബര ബസ് വാങ്ങിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ബസ് വിവിധോദ്ദേശ്യ വിനിയോഗത്തിനായാണ് വാങ്ങിയത്. ബസ് വാങ്ങുന്നതിന് 1.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇന്ധന-മെയിന്റനൻസ് ചെലവ് സംബന്ധിച്ച വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (ബി) | നവകേരള സദസ്സ് സംഘടിപ്പിച്ച ദിവസങ്ങളിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വാഹനങ്ങളുടെയും അവരുടെ ഓഫീസുകളിലേക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മറ്റ് വാഹനങ്ങളുടെയും യാത്രാ വിവരങ്ങൾ ഉൾപ്പെടുന്ന ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന/മെയിന്റനൻസ് ചെലവ് സംബന്ധിച്ച വിശദവിവര ങ്ങൾ സമാഹരിച്ചിട്ടില്ല. |
| (സി) | ഈ ദിവസങ്ങളിൽ പ്രസ്തുത വാഹനങ്ങളുടെ ഇന്ധന ചാർജ്, മെയിന്റനൻസ് എന്നീ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ? | (സി) | വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന/മെയിന്റനൻസ് ചെലവ് സംബന്ധിച്ച വിശദവിവര ങ്ങൾ സമാഹരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ